മിസ്റ്റർ കെ. ഐ. വേലായുധൻ; ജയിലിൽ രാഷ്ട്രീയ തടവുകാരിൽ എ. ക്ലാസ്സ് ആക്കെങ്കിലും അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; അതിനെപ്പറ്റി അന്വേഷിച്ചുവേണം മറുപടി പറയുവാൻ.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ; പത്രങ്ങൾ രാഷ്ട്രീയ തടവുകാർക്ക് ജയിലിൽ വായിക്കുവാൻ കൊടുക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; പത്രങ്ങൾ കൊടുക്കുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. പിന്നെ അതു കിട്ടാത്തതായി യാതൊരു ആവലാതിയും ഇതുവരെ വന്നിട്ടില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ; രാഷ്ട്രീയതടവുകാരെ ഇവിടത്തെ പാർക്കിൽ കുറെനേരം കൊണ്ടിരുത്തി Radio കേൾപ്പിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; അവർ തൃപ്തരാണ്.

INCREASE IN THE PRICE OF FUEL—STEPS TAKEN

132. (265) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന് സദയം മറുപടി പറയുമോ.—

(എ) ഇപ്പോടെയുണ്ടായ വിറകിന്റെ വിലക്കയറ്റത്തെക്കുറിച്ച് ഗവൺമെണ്ടിലേക്ക് ആക്ഷേപം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് അക്കാര്യത്തിൽ ഗവൺമെണ്ട് എടുത്തിട്ടുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) ഇനി ഒരു ഉത്തരവുവരെ വില പഴയ തോതിൽ തന്നെ നിയ്ക്കുന്നതിനുള്ള ഉത്തരവു കൊടുത്തു.

മിസ്റ്റർ കെ. ടി. അച്യുതൻ: വിറകിന്റെ വില കൂടുതൽ എത്ര ആഴ്ചവരെ നീണ്ടു നിന്നിട്ടുണ്ട്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ; അതു നിശ്ചയമില്ല. മറുപടി പറയണമെങ്കിൽ നോട്ടീസ്സുവേണം.

SUPPLY OF WATER—PARTICULARS OF

133. (65) **Mr. M. I. Paul** *(Elankunnapuzha):* Will Government be pleased to state.—

(*a*) the measures that the Government have taken for the supply of water in Vypeen Island, Mulavukad and Panambukad;

(*b*) how many water tanks have been fitted in Azhikal and elsewhere;

(*c*) whether the Government are aware that the supply of water through tanks is quite meagre and many representations have been made to Government for additional supply of water every where;

(*d*) if so what action has been taken in this connection ?

Mr. K. Ayyappan *(Minister for Works and Revenue):*

(*a*) Alwaye water was supplied to the people of Vypeen, Mulavukad, and Panambukad during the summer months of 1122 and 1123. Water was being transported in a landing craft and filled in the various tanks installed at several points in these places. Taps were also fitted to these tanks. Government propose to resume this course this year also.

(*b*) 12 tanks have been installed in the Vypeen Island and 7 tanks in Vallarpadam and Panambukad.

(*c & d*) Yes. But considering the difficulty of transport and the high cost involved, and also due to want of a copius supply at present from the source, Government have not been able to enhance the supply. Laying of pipe lines and installation of a pumping station is under consideration of the Government.

എം. ഐ. പോൾ: ഈ ടാങ്കുകൾ എല്ലാം എവിടങ്ങളിലാണ് വച്ചിരിക്കുന്നതെന്നു പറയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അഴിക്കൽ മുതൽ ചെല്ലാനംവരെ വെച്ചിട്ടുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: അങ്ങിനെ എത്രടാങ്കുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly